ഉത്തരം

(എ) ഉണ്ട്.

(ബി) പത്ത്.

(സി) ഉണ്ട്.

(ഡി) ബാധകമല്ല.

(ഇ) പി. എസ്. സി.-യിൽ നിന്ന് ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്യുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്.

മലപ്പുറം ജില്ലയിലെ ആശുപത്രികളിൽ അറ്റന്റർമാരുടെ ഒഴിവുകൾ നികത്താൻ നടപടി

152 [1679] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ആശുപത്രികളിൽ ഗ്രേഡ്-1 അറ്റന്റർമാരുടെ ഒഴിവുകൾ നിലവിലുണ്ടോ;

(ബി) എങ്കിൽ എത്ര; എവിടെയെല്ലാം;

(സി) പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഇ) ഈ ഒഴിവുകൾ എന്നത്തേക്ക് നികത്തുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 11 എണ്ണം

ജില്ലാ ആശുപത്രി, മഞ്ചേരി	—	2
നേഴ്സിംഗ് സ്കൂൾ, മഞ്ചേരി	—	2
പി. എച്ച്. സി. പാങ്ങ്	—	1

LIBRARY ARCHIVES Kerala Legislative Assembly

പി. എച്ച്. സി., വളാഞ്ചേരി	—	1
ഗവൺമെന്റ് ആശുപത്രി, അഴിക്കോട്	—	1
ഗവൺമെന്റ് ആശുപത്രി, തിരൂരങ്ങാടി	—	1
ഗവൺമെന്റ് ആശുപത്രി, നിലമ്പൂർ	—	1
ഗവൺമെന്റ് ആശുപത്രി, പൊന്നാനി	—	1
പോലീസ് ആശുപത്രി	—	1
ആകെ		11

(സി) നടപടി സ്വീകരിച്ചുകഴിഞ്ഞു.

(ഡി) ഉത്തരം 'സി'യുടെ വെളിച്ചത്തിൽ ബാധകമല്ല.

(ഇ) ഉടൻ നികത്തുന്നതാണ്.

ഇടുക്കി ജില്ലയിൽ ആരോഗ്യവകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിയമനം

153 [1680] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ആരോഗ്യവകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ നിയമിക്കപ്പെടുന്നതിന് റാങ്ക് ലിസ്റ്റ് നിലവിലുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ലിസ്റ്റിൽ നിന്നും എത്ര പേരെ ജെ. എച്ച്. ഐ. മാരായി നിയമിച്ചു വെന്ന് വ്യക്തമാക്കാമോ;

(സി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ ലിസ്റ്റിൽ നിന്നും കൂടുതൽ പേരെ നിലവിലുള്ള ഒഴിവുകളിലേക്കും സമീപ ഭാവിയിൽ ഉണ്ടാകാവുന്ന ഒഴിവുകളിലും നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദവിവരങ്ങൾ വ്യക്തമാക്കാമോ?

2/2314/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly